"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗിലെ വിവിധ ജില്ലാ കാര്യാലയങ്ങളിലേക്കും ആസ്ഥാന കാര്യാലയത്തിലേക്കും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മൊത്തം 24,96,600/- രൂപയ്ക്ക് വാങ്ങുന്നതിനുള്ള അനുമതി - ഭേദഗതി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.1908/2022/LSGD തീയതി,തിരുവനന്തപുരം, 06-08-2022

പരാമർശം:-
1. 25/03/2022 തീയ്യതിയിലെ സ.ഉ. (സാധാ) നം. 746/2022/തസ്വഭവ നമ്പർ ഉത്തരവ്.
2. മുഖ്യ നഗരാസൂത്രകൻ (പ്ലാനിങ്)-ന്റെ 24/05/2022 തീയതിയിലെ TCPCTP/2525/2021-S3 നമ്പർ കത്ത്.

ഉത്തരവ്

2021-2022 സാമ്പത്തിക വർഷത്തേക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗിലെ വിവിധ ജില്ലാ കാര്യാലയങ്ങളിലേക്കും ആസ്ഥാന കാര്യാലയത്തിലേക്കും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മൊത്തം 24,96,600/- രൂപയ്ക്ക് വാങ്ങുന്നതിനുള്ള അനുമതി പരാമർശം(1) ഉത്തരവ് പ്രകാരം നൽകിയിരുന്നു. എന്നാൽ ടി ഉത്തരവ് കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ അവസാനം ലഭ്യമായതിനാലും പ്രസ്തുത ഉത്തരവിൽ Workstation Computer-ന്റെ ആകെ വില സംബന്ധിച്ച് പിഴവുകൾ സംഭവിച്ചതിനാലും ടി സാധനങ്ങൾ GEM/CPRCS/Esri Ltd മുഖേന വാങ്ങുന്നതിനുള്ള നടപടികൾ കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല എന്നും, കൂടാതെ Computerization and Modernization എന്ന പദ്ധതിയിൽ ഉൾപ്പെട്ട വിവരസാങ്കേതിക വിദ്യ സംബന്ധിച്ച ചെലവുകൾ വഹിക്കുന്നതിന് "2217-05-001-69-99 വിവര സാങ്കേതിക വിദ്യ "എന്ന പുതിയ ശീർഷകം ആണെന്നും പരാമർശം (2) ലെ കത്ത് പ്രകാരം മുഖ്യ നഗരാസൂത്രകൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-2022 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ(പ്ലാനിംഗ്) വകുപ്പിലെ വിവിധ ജില്ലാ കാര്യാലയങ്ങളിലേക്കും ആസ്ഥാന കാര്യാലയത്തിലേക്കും കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയ ഉപകരണങ്ങൾ,ഈ സാമ്പത്തിക വർഷത്തെ ഫണ്ട് വിനിയോഗിച്ച് GEM പോർട്ടൽ/CPRCS (CPRCS-ൽ ഉൾപ്പെട്ടിട്ടുള്ളവ) വഴി മൊത്തം 24,96,600/-(ഇരുപത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അറുന്നൂറുരൂപ മാത്രം) രൂപയ്ക്ക് വാങ്ങുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. ടി ഇക 2217-05-001-69-99, 2217-05-800-67, 2217-05-800-91 എന്നീ 3 ശീർഷകങ്ങളിലായി അനുവദിച്ചുത്തരവാകുന്നു. കൂടാതെ വാങ്ങേണ്ട സാധനങ്ങളിൽ "Upgraded version of GIS സോഫ്റ്റ്വെയർ" proprietary ഐറ്റം ആയതിനാൽ ആയതു Esri Ltd വഴിയും വാങ്ങുന്നതിനുള്ള അനുമതി നൽകുന്നു.

പരാമർശം 1 ലെ ഉത്തരവ് മേൽ പറഞ്ഞ മാറ്റങ്ങളോട് കൂടി ഭേദഗതി ചെയ്യും ഉത്തരവാകുന്നു.

പദ്ധതികളുടെ വിവരം ചുവടെ :-

Head of Account	Item	Amount
2217-05-001-69-99	COMPUTERISATION AND MODERNISATION INFORMATION TECHNOLOGY (P)	RS. 13,13300/-
2217-05-800-67	PREPARATION OF SPATIAL PERSPECTIVE PLAN FOR THE STATE(P)	RS. 10,00,000/-
2217-05-800-91	GIS AND ARIEL MAPPING (P)	RS. 1,83,300/-

Total Rs. 24,96,600/-

വാങ്ങേണ്ട സാധനങ്ങളുടെ വിശദ വിവരം ചുവടെ :-

Sl.No	Item	Scheme	Head of Account	NO.	Total Estimated Cost
1	A4 Monochrome printer	Computerization and Modernization	2217-05-001-69-99	2	32000
2	A4 Multi function Printer	-Do-	2217-05-001-69-99	1	25000
3	A3 Network MFP (Entry level)	- Do -	2217-05-001-69-99	1	65300
4	Laptop Medium End	Computerization and Modernization	2217-05-001-69-99	6	420000
5	Laptop High End	- Do -	2217-05-001-69-99	7	581000
6	A3 Color Ink tank	- Do -	2217-05-001-69-99	3	175000
7	Windows Pro 10 OS	- Do -	2217-05-001-69-99	1	15000
8	Laptop High End	Preparation of Spatial perspective plan for the State	2217-05-800-67	2	166000
	Work Station				

9	Work Station Computer	- Do -	2217-05-800-67	2	366600
10	Work Station Computer	GIS and Arial Mapping	2217-05-800-91	1	183300
11	Upgraded version of GIS Software	Preparation of Spatial perspective plan for the State	2217-05-800-67	1	467400
TOTAL					**2496600**/- (Twenty Four Lakhs Ninety Six thousand six hundred only)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHIBI ABRAHAM
ഡെപ്യൂട്ടിസെക്രട്ടറി

മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Copy to: The Private Secretary to the Minister LSGD.
The PA to the Addl Chief Secretary, LSGD.
The PA to Principal Secretary, LSGD